ശ്രീ. സി. എച്ച്. മുഹമ്മദുകോയ: തൃപ്തികരമായ വിശദീകരണം വേറെ, തൃപ്തികരമല്ലാത്ത വിശദീകരണം വേറെ എന്നു വച്ചുകൊണ്ട് പ്രത്യേകംപ്രത്യേകം നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നില്ല. ഇതിനുകൂടി തൃപ്തികരമായ മറുപടി കിട്ടിയശേഷം നടപടിയെടുക്കുന്ന കാര്യം ഗവൺമെൻറ് ആലോചിക്കാം.

ശ്രീ. വി. ജെ. ജോസഫ്: യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളെപ്പറ്റി ഗുരുതരമായ ആരോപണങ്ങളാണ് ജനയുഗം പത്രത്തിൽവന്നതു ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? അതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ? അതോ അത് രാഷ്ട്രീയപ്രേരിതമാണെന്നു കരുതുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ജനയുഗം പത്രത്തിലെ കാര്യം ആവശ്യമില്ല; ഈ സഭയിലെ ഉത്തരവാദപ്പെട്ട 22 മെമ്പർമാർ രേഖാമൂലം നൽകിയ ആക്ഷേപം ഉള്ളപ്പോൾ പിന്നെ പത്രക്കട്ടിങ്ങുകളെപ്പറ്റി ആലോചിക്കേണ്ടതില്ല. രാഷ്ട്രീയ പ്രേരിതമെന്നു വിശ്വസിക്കുന്നില്ല.

ശ്രീ. പി. ജെ. ജോസഫ്: ഈ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെ സംബന്ധിച്ച് വൈസ്ചാൻസലറുടെ വിശദീകരണം കിട്ടിയപ്പോൾ ടി.എ. പ്രശ്നമൊഴിച്ച് മിക്കവാറും എല്ലാം തൃപ്തികരമായ വിശദീകരണമെന്നു ഗവൺമെൻറു മനസ്സിലാക്കിയിരിക്കുന്നു എന്നാണു മറുപടിയിൽ നിന്നു മനസ്സിലാക്കുന്നത്. ഈ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമായിരുന്നു എന്നുള്ളതല്ലേ വസ്തുത?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എല്ലാ ആരോപണങ്ങളും അടിസ്ഥാനരഹിതമാണെന്ന് ഇപ്പോൾ പറയുന്നതു ശരിയല്ല. മുഴുവൻ പരിശോധിക്കുന്നതിനു മുമ്പ് രണ്ടുമൂന്നു കാര്യങ്ങളിൽ കൂടുതൽ വിശദീകരണം ആവശ്യപ്പെട്ടു എന്നുമാത്രമേയുള്ളു.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ചന്ദ്രഭാനു കമ്മീഷൻ റിപ്പോർട്ടു പ്രകാരം പോലീസുകാർക്കു ലഭിക്കേണ്ട ആനുകൂല്യങ്ങൾ

*120 [129] ശ്രീ. എം. പി. മാണി:

,, ഈപ്പൻ കണ്ടക്കുടി:

ഡോ. ജോർജ്ജു മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ചന്ദ്രഭാനു കമ്മീഷൻ റിപ്പോർട്ടുപ്രകാരം പോലീസുകാർക്കുള്ള ആനുകൂല്യം എത്ര രൂപയാണ്;

(ബി) ഈ ആനുകൂല്യം മുഴുവനുമായി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) ആനുകൂല്യം മുഴുവനായി ലഭിക്കാത്തതിന്റെ പേരിൽ പോലീസ് ഉദ്യോഗസ്ഥൻമാരിൽനിന്ന് സമരഭീഷണി ഉണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ, ബി) ചന്ദ്രനു കമ്മീഷൻ ശുപാർശകൾ പോലീസുകാരെ സംബന്ധിച്ചിടത്തോളം മുഴുവനായി അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒരു പോലീസുകാരന് ശമ്പളവും അലവൻസുമായി 48 രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

വികലാംഗരുടെ പ്രശ്നങ്ങൾ

*121 [130] ശ്രീ. കെ. അനിരുദ്ധൻ:

,, കല്ലട നാരായണൻ:

,, എൻ. സുബ്രഹ്മണ്യഷേണായ്:

,, പി. പി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മീഷനെ നിയോഗിച്ചിരുന്നുവോ;

(ബി) എങ്കിൽ അതിൻമേലുള്ള റിപ്പോർട്ടു സമർപ്പിച്ചുവോ;

(സി) റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ്;

(ഡി) അവയിൽ ഏതെല്ലാം ഇതിനകം നടപ്പിലാക്കിയെന്നു വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ:)

(എ) നിയോഗിച്ചിരുന്നു.

(ബി) സമർപ്പിച്ചു.

(സി, ഡി) പ്രസ്തുത റിപ്പോർട്ട് ഗവൺമെൻറ് ഔപചാരികമായി അംഗീകരിക്കേണ്ടതുണ്ട്. അതിനുമുമ്പ് അതിലെ ഉള്ളടക്കം മുഴുവനും വെളിപ്പെടുത്തുന്നത് ഉചിതമായിരിക്കുകയില്ല. എങ്കിലും പ്രധാന ശുപാർശകളിലൊന്നായ വികലാംഗ കോർപ്പറേഷൻ നിലവിൽവന്നുകഴിഞ്ഞു. കോർപ്പറേഷൻ നിലവിൽവന്നതുകൊണ്ട് കമ്മീഷന്റെ മറ്റു പല ശുപാർശകളും കോർപ്പറേഷൻ വഴി നടപ്പാക്കേണ്ടതാണ്. ഉദാ: വികലാംഗർക്കു വേണ്ടി തൊഴിൽദാനപദ്ധതി, വായ്പാ പദ്ധതി, വീടു നിർമ്മാണ സഹായ പദ്ധതി, കൃഷിയും മറ്റു കൈത്തൊഴിൽപദ്ധതി—ഇവ നടപ്പിൽ വരുത്തുന്നതിലേക്കുവേണ്ട നടപടി, കോർപ്പറേഷൻ ധൃതഗതിയിൽ എടുത്തുവരുന്നതായി അറിയുന്നു.

കോളേജുകളിലെ ഷിഫ്റ്റ് സമ്പ്രദായം

*122 [131] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പ്രീഡിഗ്രിക്ക് ഷിഫ്റ്റ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണമെന്ത്;

(സി) ഏതെല്ലാം കോളേജുകളിലാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly